ഡി4-53791/2016

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
തിരുവനന്തപുരം,
Email.pccf-cww.for@kerala.gov.in
Phone (O) : 0471 2321610
Fax : 0471 2320554

തീയതി : 19.04.2018.

**സർക്കുലർ നമ്പർ 14/2018**

**വിഷയം:** വനം-വന്യജീവി വകുപ്പ് - തസ്തികമാറ്റം മുഖേന റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി പ്രൊമോഷൻ ലഭിച്ച ജീവനക്കാർക്കുള്ള സമയബന്ധിത ഹയർ ഗ്രേഡ് - സ്പഷ്ടീകരണം നൽകുന്നതു - സംബന്ധിച്ച്.

**സൂചന:** സർക്കാരിന്റെ 24.03.2018-ലെ എഫ്3/349/2017/വനം നമ്പർ കത്ത്.

കേരള ഫോറസ്റ്റ് സ്പെഷ്യൽ റൂൾസ് പ്രകാരം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നും റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്കുള്ള നിയമനം തസ്തികമാറ്റം മുഖേനയായതിനാൽ ഇപ്രകാരം നിയമിതരാകുന്നവരുടെ പ്രവേശന തസ്തിക റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയാണ്. ആയതിനാൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക പ്രവേശന തസ്തികയായി കണക്കാക്കി പ്രസ്തുത തസ്തികയിൽ നിശ്ചിത വർഷ യോഗ്യതാസേവനം പൂർത്തിക്കാക്കുന്ന തീയതി പ്രാബല്യത്തിൽ മാത്രമേ തുടർന്നുള്ള സമയബന്ധിത ഹയർ ഗ്രേഡുകൾക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന് സൂചന കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മേൽ പ്രസ്താവിച്ചതിന് വിപരീതമായി ചട്ടപ്രകാരമല്ലാതെ, തസ്തികമാറ്റം മുഖേന റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായി പ്രൊമോഷൻ ലഭിച്ചവർക്ക് ഗ്രേഡ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് യഥാസമയം തന്നെ തിരിച്ച് പിടിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) &
ചീഫ് വൈൽഡ്ലൈഫ് വാർഡൻ

പകർപ്പ്:

1. എല്ലാ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്ക്.
2. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം..ഐ.എസ്) ന് - ഫോറസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
3. ഫയൽ/സ്റ്റോക്ക് ഫയൽ

D:\Indu- 2018\Admn\D\D4\Circular\53791-2016.doc